പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1152 — 04.02.2019-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ ഭരണാനുമതി നൽകിയ പാലങ്ങളുടെ അവസ്ഥ

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോഴിക്കോട് ജില്ലയിൽ ഭരണാനുമതി നൽകിയ നടമ്മൽകടവ്, & തൊണ്ടിലക്കടവ്, അന്നാരുകണ്ടം, മുക്കത്ത് കടവ്, മുനമണ്ണിൽ, കരുവാറ്റ ജീപബിൾ ബ്രിഡ്ജ് എന്നീ പാലങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഭരണാനുമതി ലഭിച്ച് എട്ട് വർഷം കഴിഞ്ഞ സാഹചര്യത്തിൽ ഇവയുടെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) **നടമ്മൽ കടവ് പാലം** ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്.<br>(ബി) **അന്നാരുകണ്ടം നടപ്പാലത്തി**ന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാവാത്തതിനാൽ കരാർ **25**പ്രകാരം റദ്ദ് ചെയ്തു.<br>**മുക്കത്ത് കടവ് പാലത്തിന്** 63 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്.<br>**തൊണ്ടില കടവ് പാലത്തിന്റെ** നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പിന് വേണ്ടി G.O(Rt)No. 1319/2017/PWD dated 30.08.2017 ഉത്തരവ് പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനായുള്ള അർത്ഥന റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. എൽ.എ നടപടികൾ തുടങ്ങുന്നതിനായി റവന്യൂ ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ട 5% കണ്ടിജൻസി ചാർജ്ജിനുള്ള ഫണ്ടിനായി FR2-134/14 dated 14.01.2019 പ്രകാരം പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.<br>**മുന്നമണ്ണിൽ പാലത്തിന്** ഭരണാനുമതി നൽകുകയും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി ആവശ്യമായ വീതിയിൽ സ്ഥലം ലഭ്യമാവാത്തതിനാൽ പാലത്തിന്റെ വീതി കുറച്ച് പുതിയ രൂപകൽപ്പന ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| | **കരുവാറ്റ ജീപ്പബിൾ ബ്രിഡ്ജിനു** വേണ്ടി 31.01.2019-ലെ Order No. KKD/2018/8841 പ്രകാരം 2.30 ലക്ഷം രൂപയുടെ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) എങ്കിൽ പുതിയ അടങ്കൽ തുക എത്രയെന്ന് കണക്കായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) മുക്കത്ത് കടവ് പാലത്തിന് 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തി മൂന്നു പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുത്തില്ല. ആയതിനാൽ 63 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ